**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3953** **15-07-2022 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം മാസങ്ങളായി ലഭിക്കുന്നില്ലെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കി വരുന്ന ആശ്വാസകിരണം പദ്ധതി പ്രകാരം, ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി പ്രതിമാസം 600 രൂപ വീതം ധനസഹായം നൽകി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 സെപ്റ്റംബർ മാസം വരെയുള്ള ധനസഹായം 2022 മാർച്ച് മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി 8 ജില്ലകളിലെ ഗുണഭോക്താക്കൾക്ക് 2020 ആഗസ്റ്റ് മാസം വരെയുള്ള ധനസഹായം 2021 ഡിസംബർ മാസത്തിൽ അനുവദിച്ച് നൽകിയിട്ടുണ്ട്. 11.10.2012 തീയതിലെ സ.ഉ (എം.എസ്) നം.60/2012/ സാക്ഷേവ. ഉത്തരവ് പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിച്ചുകൊണ്ടിരുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ, എന്നിവയ്ക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം ടി പദ്ധതിയിലെ അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബഡ്ജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളുടെ എണ്ണം വർഷം തോറും വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധിക ധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം വർഷംതോറും വളരെ കൂടി വരുന്നതിനാൽ അധിക തുക ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രതിമാസ ധനസഹായം എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഇപ്പോൾ പ്രതിമാസം 600 രൂപയാണ് ധനസഹായമായി നൽകിവരുന്നത്. ടി പദ്ധതി പ്രകാരമുള്ള തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല. |
| (സി) | പ്രസ്തുത പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കുന്നത് ഓൺലൈൻ മുഖേനയാണോയെന്ന് വ്യക്തമാക്കാമോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | പ്രസ്തുത പദ്ധതിയുടെ അപേക്ഷകൾ സ്വീകരിക്കുന്നത് നിലവിൽ ഓൺലൈൻ മുഖേനയല്ല. എന്നാൽ അപേക്ഷകൾ ഓൺലൈനിലൂടെ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഡി) | പ്രസ്തുത പദ്ധതിയിലൂടെ ലഭിച്ചുകൊണ്ടിരിക്കുന്ന ധനസഹായം തുടർന്നും ലഭിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയിലൂടെ ലഭിച്ചു കൊണ്ടിരിക്കുന്ന ധനസഹായം തുടർന്നും ലഭിക്കുന്നതിന് തടസങ്ങൾ ഒന്നുമില്ല. എന്നാൽ 30/07/2021 തീയതിയിലെ സ.ഉ.(സാധാ) നം. 511/2021/സാനീവ. ഉത്തരവ് പ്രകാരം പദ്ധതിയുടെ സഹായം അർഹരായവർക്ക് മാത്രം ലഭ്യമാക്കാനും, ഇരട്ടിപ്പ് സംഭവിച്ചിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കുന്നതിനുമായി ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, ആധാർ, ബാങ്ക് അക്കൗണ്ടുകൾ ബന്ധിപ്പിക്കാനുമുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ